**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5396** **31/10/2016-ൽ മറുപടിക്ക്**

**ഫാർമസിസ്റ്റുകൾ ഇല്ലാത്ത മെഡിക്കൽ സ്റ്റോറുകൾ**

**ചോദ്യം**

**ശ്രീ.വി.പി.സജീന്ദ്രൻ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) സംസ്ഥാനത്ത് പലയിടത്തും യോഗ്യരായ ഫാർമസിസ്റ്റുകൾ ഇല്ലാതെ മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ?

എ) ഔഷധ വ്യാപാര ലൈസൻസിനായി അപേക്ഷ സമർപ്പിക്കുമ്പോൾ തന്നെ രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം ഉറപ്പായതിനുശേഷമാണ് ലൈസൻസ് നൽകുന്നത്. രാജ്യത്ത് മരുന്നുത്പാദനവും വിതരണവും വിൽപനയും നിയന്ത്രിക്കുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ഉം അതിന്റെ കീഴിലുള്ള ചട്ടങ്ങൾ പ്രകാരവുമാണ്. ഒരു മരുന്ന് വിൽപ്പന ശാലയിൽ മരുന്ന് വിൽപ്പനയുടെ മേൽനോട്ടത്തിനായി രജിസ്റ്റേർഡ് ഫാർമസിസ്റ്റിന്റെ സേവനം കർശനമാണെന്ന് റൂൾ 65(2) പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മെഡിക്കൽ സ്റ്റോറുകൾ പ്രസ്തുത നിബന്ധന പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പ് വരുത്തുന്നുണ്ട്. 2015-16 ൽ ഈ റൂളുകൾ ഉൾപ്പെടെയുള്ള വിവിധ ലംഘനങ്ങളുടെ ശിക്ഷയായി സംസ്ഥാനത്തൊട്ടാകെ ഏകദേശം 598 കടകളുടെ ലൈസൻസുകൾ നിശ്ചിത കാലയളവിലേയ്ക്ക് സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ വകുപ്പിൽ പ്രവർത്തന സജ്ജമായിട്ടുള്ള XLN Software-ലൂടെ ഓരോ മരുന്ന് കടകളിലേയും ഫാർമസിസ്റ്റിന്റെ സേവനം ഫാർമസിസ്റ്റ് ഇല്ലാത്ത കടകൾ, ഒരു ഫാർമസിസ്റ്റ് ഒന്നിൽ കൂടുതൽ കടകളിൽ സേവനം എന്നിവ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് സുഗമമായി നിരീക്ഷിക്കാൻ സാധിക്കുന്നുണ്ട്. നിയമലംഘനങ്ങൾ കണ്ടെത്തുന്ന പക്ഷം സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**